# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1021** | **05.02.2020-ൽ മറുപടിക്ക്**

## ഇതരസംസ്ഥാനത്തൊഴിലാളി ക്ഷേമപദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.ജെ. വിനോദ് : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാനത്തൊഴിലാളികളുടെ ക്ഷേമത്തിനായി സംസ്ഥാനസർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി ആവാസ്, അപ്നാഘർ, കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് "ആവാസ്" എന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഇതരസംസ്ഥാന തൊഴിലാളികൾക്കുവേണ്ടി തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള മുഖേന നടപ്പിലാക്കിവരുന്ന ഭവന പദ്ധതിയാണ് "അപ്നാഘർ". പ്രസ്തുത പദ്ധതിയിലൂടെ ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് നടപ്പിലാക്കുന്നത്. കേരള അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ചികിത്സാ ധനസഹായം, അപകട ധനസഹായം, മരണാനന്തര ധനസഹായം, കേരളത്തിൽ വച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്ത് എത്തിക്കുന്നതിനുള്ള ധനസഹായം, ആശ്വാസ ധനസഹായം, ടെർമിനൽ ബെനിഫിറ്റ്, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവധനസഹായം എന്നിവ നൽകിവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നത് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ്. |

| | Question | | Answer |
|---|---|---|---|
| (ബി) | തിരുവനന്തപുരത്തും എറണാകുളത്തും മറ്റും അവർക്കായി അപ്നാഘർ എന്ന പേരിൽ ഹോസ്റ്റൽ നിർമ്മിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) | ഇതരസംസ്ഥാന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വൃത്തിയുള്ളതും സുരക്ഷിതവുമായ താമസ സൗകര്യം വാടകയ്ക്ക് നൽകുന്ന പദ്ധതിയാണ് "അപ്നാഘർ". നിലവിൽ അപ്നാഘർ പാലക്കാട് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി 620 ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്നു. ഈ പദ്ധതി എറണാകുളം, കോഴിക്കോട് ജില്ലകളിൽ നടപ്പിലാക്കുന്നതിനായി സ്ഥലം ഏറ്റെടുത്ത് നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരത്ത് സ്കീം നടപ്പിലാക്കുന്നത് പരിശോധിച്ച് വരുന്നു |
| (സി) | അവരുടെ ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നതിനായി ആവിഷ്കരിച്ച ആവാസ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയുടെ വിശദാംശം നൽകാമോ; | (സി) യും (ഡി) യും | ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ "ആവാസ്" പദ്ധതിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് ഓരോരുത്തർക്കും 25,000/- രൂപയുടെ സൗജന്യ ചികിത്സയും, ജോലിക്കിടെ സംഭവിക്കുന്ന അപകടത്തെത്തുടർന്ന് മരണമടയുന്ന തൊഴിലാളികളുടെ ആശ്രിതർക്ക് 2,00,000/- രൂപയുടെ ധനസഹായവും ലഭിക്കുന്നു. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്, കൂടാതെ അപകടം മൂലം ഉണ്ടാകുന്ന അംഗവൈകല്യത്തിന് 1,00,000/- രൂപ വരെ ഇൻഷുറൻസ് പരിരക്ഷയും ഏർപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ 31.01.2020 വരെ 5,05,663 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. എൻറോൾമെന്റ് നടപടികൾ എല്ലാ ജില്ലകളിലും തുടർന്നുവരികയാണ്. |
| (ഡി) | ഈ പദ്ധതിയിൽ ഇതിനകം എത്രപേർ രജിസ്റ്റർ ചെയ്തു എന്ന് അറിയിക്കാമോ; | | |
| (ഇ) | സംസ്ഥാനത്ത് മുപ്പത് ലക്ഷത്തിലധികം ഇതര സംസ്ഥാനത്തൊഴിലാളികൾ ഉണ്ടെന്നിരിക്കേ, വളരെ കുറഞ്ഞ ശതമാനം മാത്രമാണ് ആവാസ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണമെന്താണ് എന്ന് വ്യക്തമാക്കാമോ; | (ഇ) | സംസ്ഥാനത്ത് മുപ്പത് ലക്ഷത്തിലധികം ഇതരസംസ്ഥാന തൊഴിലാളികൾ ഉണ്ടെന്ന കണക്ക് വസ്തുതാപരമല്ല. ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ വന്ന് ജോലി ചെയ്യുകയും തിരികെ പോകുകയും ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ തൊഴിലാളികളിൽ എല്ലാവരുംതന്നെ സ്ഥിരമായി കേരളത്തിൽ താമസിച്ച് ജോലി ചെയ്യുന്നതായി കാണുന്നില്ല. ഒരു ഇതരസംസ്ഥാന തൊഴിലാളിയെയും നിർബന്ധപൂർവ്വം ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിന് കഴിയുകയില്ല. പദ്ധതി പ്രചരണം നൽകി പദ്ധതിയിൽ |

അംഗങ്ങളാകുന്നതിനുള്ള സൗകര്യം ഈ വകുപ്പിൽ നിന്നും ഒരുക്കികൊടുക്കുകയും മുഴുവൻ തൊഴിലാളികളെയും ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനുള്ള നടപടികളാണ് തൊഴിൽ വകുപ്പിൽ നിന്നും സ്വീകരിച്ചുവരുന്നത്. ആവാസ് പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിപ്പിക്കുന്നതിനുള്ള എൻറോൾമെന്റ് ക്യാമ്പുകൾ നടന്നുവരുന്നുണ്ട്. കൂടാതെ 'ശ്രമിക് ബന്ധു' എന്ന പേരിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ആരംഭിച്ചിട്ടുള്ള ഫെസിലിറ്റേഷൻ സെന്ററുകളിലും ആവാസ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിന് സൗകര്യമൊരുക്കിയിട്ടുണ്ട്.

(എഫ്) ഇതരസംസ്ഥാനത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലെ ശുചിത്വനിലവാരം പരിതാപകരമായത് സാംക്രമികരോഗങ്ങൾ പടരുന്നതിന് സാഹചര്യമൊരുക്കുമെന്നതിനാൽ ഇത്തരം സ്ഥലങ്ങളിൽ നിരന്തരപരിശോധന നടത്തുന്നതിനും ആവശ്യമായ മുൻകരുതൽ എടുക്കുന്നതിനും നിർദ്ദേശം നൽകുമോ?

(എഫ്) ഇതരസംസ്ഥാനത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലും തൊഴിലിടങ്ങളിലും തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഇൻസ്പെക്ടർമാർ പരിശോധനകൾ നടത്തുകയും സാംക്രമിക രോഗങ്ങൾ പടരുന്നത് തടയുന്നതിനും വ്യക്തി ശുചിത്വം പാലിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പുമായി ചേർന്ന് നിരന്തരമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.